# പദപരിചയം

## പി.തോമസ്, പിറവം

ക്രിസ്ത്യാനികളുടെ പഴയ ആരാധനക്രമങ്ങൾ, ബൈബിൾസാഹിത്യം, ചരിത്രരേഖകൾ തുടങ്ങിയവയിൽ കാണപ്പെടുന്ന ചില വാക്കുകൾ ഇന്നത്തെ തലമുറയ്ക്ക് മനസ്സിലാകാൻ വിഷമമാണ്. അത്തരം വാക്കുകളുടെ പ്രസക്തമായ അർത്ഥങ്ങൾ ഇവിടെ സൂചിപ്പിക്കുന്നു.

അടിയാട്ടി = ദാസി, അടിമ
അരൂപി = ആത്മാവ്, ദൈവം, പരിശുദ്ധാത്മാവ്
അരിഷ്ടത = കഷ്ടത, ദൗർഭാഗ്യം, ദാരിദ്ര്യം
അയർക്കുക = ഛിദ്രിക്കുക, അകലുക, കോപിക്കുക, വെറുത്തു പറയുക, മൂർച്ഛിക്കുക, തളരുക
അയർപ്പ് = അകൽച്ച, ഭിന്നത, ഛിദ്രം, വിരോധം, വ്യതിചലനം
അറ്റകുറ്റം = കുറവ്, കുറ്റം, ദോഷം, തെറ്റ്
അഴിവ്; അഴിക്കുക = നാശം, നശിപ്പ്; നശിപ്പിക്കുക
ആകൽക്കറുസ = സാത്താൻ, ദുഷ്ടാരൂപി
ആവലാതി (ധി) = സങ്കടാപേക്ഷ, പരാതി
ഇടത്തൂട് = വിപരീതമായത്, തെറ്റായമാർഗ്ഗം, വേദവിപരീതം, വേദവിരുദ്ധത, മതവിരോധം, അബദ്ധാഭിപ്രായം
ഉതപ്പ് = പാപം, കുറ്റം, ഇടർച്ച, എതിർപ്പ് (ഉത = കുറ്റംചെയ്യുക, പാപം ചെയ്യുക)
ഉത്തരിപ്പ് = പരിഹാരം; ഉത്തരവാദിത്തം, വീട്ടൽ, കൊടുത്തുതീർക്കൽ
ഉപവി = സ്നേഹം, സന്തോഷം കൃപ, ദാനം, ധർമ്മം, ഭൃതദയ, ജീവകാരുണ്യപ്രവൃത്തി
ഉപോഷിക്കുക = ഉപവസിക്കുക, വ്രതമെടുക്കുക
ഉരുവം = രൂപം
ഉഷ, ഉഷപ്പ് = ഉഷസ്സ്, പ്രകാശം, പ്രഭാതം
എരിവ് = തീക്ഷ്ണത, തീവ്രത
ഒരുവൻതമ്പുരാൻ = ഏകദൈവം
ഒപി (ഒവി, ഓപി, ഓവി) = ഉപവി, സ്നേഹം
ക്നൂമ = ആളത്തം
കടുമ; കടുമപ്പെട്ട = കടുപ്പം, കഠിനം, ദുഷ്ടത; കടുത്ത
കടിയവഴി = ദുർഘടമാർഗ്ഗം
കപ്യം (കപ്പിയം); കപ്യക്കാരൻ = വ്യാജം, കളവ്; കള്ളൻ, നുണയൻ
കൽപ്പെട്ട = അധികമായ, വർദ്ധിച്ച
കാതൽ, കാതൽത്വം= തത്ത്വം, സാരാംശം, ഉണ്മ, സത്ത്, കാമ്പ്
കാവ്യർ = അക്രൈസ്തവർ, പുറജാതികൾ, വിജാതിയർ ചണ്ഡാലർ (പോർത്തുഗീസ് ഭാഷയിലെ കൊവേയ്രോ (Coveiro) എന്ന പദത്തിൽ നിന്ന് വന്നത്. കുഴിതോണ്ടുന്നവൻ എന്നർത്ഥം. ശവക്കുഴി തോണ്ടുവാൻ പ്രത്യേകം ആളുകളെ നിയോഗിക്കുന്ന സമ്പ്രദായം കൊണ്ടുവന്ന പോർട്ടുഗീസുകരുടെ സംഭാവനയാണ് ഈ വാക്ക്. പിൽക്കാലത്ത് ഹീനജാതികളെ സൂചിപ്പിക്കുവാൻ ഉപയോഗിച്ചതാകാം.
കാഴ്ചക്കാർ = ദർശകർ, ദീർഘദർശിമാർ
കൊട്ടൂരം (കൊഠൂരം); കൊട്ടൂരക്കാരൻ = കാഠിന്യം, കഠോരം; കഠിനൻ
കൊണ്ടാടുക, കൊണ്ടാട്ടം = സമ്മതിക്കുക, ഏറ്റുപറയുക, ആദരിക്കുക; ആദരവ്, ആഘോഷം, സ്തോത്രം, സ്തുതി
കുരള = അസത്യം, കളവ്, നുണ, ഏഷണി
കൊള്ളുക = വാങ്ങുക, സ്വീകരിക്കുക
ചരതിക്കുക = ശേഖരിക്കുക, സൂക്ഷിച്ചുവയ്ക്കുക
ചണ്ഡാലർ = കാവ്യർ
ചവളപ്പെട്ട = ചവിണ്ട, മുഷിഞ്ഞ, ഭംഗിയില്ലാത്ത, മോശമായ, വൈരൂപ്യമുള്ള
ചോദ്യത്തിനുടെ ദിവസം = ന്യായവിധിദിവസം, അന്ത്യവിധിനാൾ

ജീവസ്സ് = ജീവൽക്കാലം, ജീവിതം, ജീവൻ, ചൈതന്യം
തണ്ണീർകുടി = വഴിയാഹാരം, പാഥേയം
തണ്യം (തണ്ണിയ) = ചീത്ത, ദുഷിപ്പ്, മോശം, അധർമ്മം (തണ്ണിയദിവസം=നിർഭാഗ്യദിനം); തണ്യവൻ = മോശക്കാരൻ, ഹീനൻ, ദുഷ്ടൻ, നീതികെട്ടവൻ
തിന്മപ്പെട്ടവൻ = ദുഷ്ടൻ, തെറ്റുകാരൻ
തീയതു് = ചീത്ത, ദുഷിച്ചതു്, തിന്മ
തേറുക; തേറ്റം = പശ്ചാത്തപിക്കുക; പശ്ചാത്താപം, വിശ്വാസം ഏറ്റുപറയൽ, അനുതാപഗീതം
ദിഷ്ടതി = ദിഷ്ടതയുടെ ദുഷിച്ച രൂപം. വിധി, കടമ, ആവശ്യം, അനിവാര്യം, (ദിഷ്ടം = ഭാഗ്യം, വിധി; ദിഷ്ടി (ദ്വിഷ്ടം) = ദൈവികദാനം, ദൈവേച്ഛ)
ദുഷിപെട്ട = ചീത്തയായ, മോശമായ
ദേവസ = പിശാച്, അശുദ്ധാത്മാവ്
ദോഷത്താളർ = പാപികൾ, തെറ്റുകാർ
നിവ്യ = നിബിയ, പ്രവാചകൻ
നിരപ്പ് = സമാധാനം, യോജിപ്പ്, ഒത്തുതീർപ്പ്, ഐക്യം
നിരൂപണ = ആലോചന, ചിന്ത
നെറി, (നെറിവ്); നെറിവുകാരൻ, നെറിവാളൻ = നേർവഴി, ശ്രേഷ്ഠത, നീതി; നീതിമാൻ
നെറിവുകെട്ടവൻ = അധർമ്മി, അധമൻ, ദുഷ്ടൻ, നീതികെട്ടവൻ
പകച്ചു = തെറ്റിപ്പോയി
പട്ടാങ്ങ; പട്ടാങ്ങപ്പെട്ട = സത്യം; സത്യമുള്ള; പട്ടാങ്ങ ചെയ്യുക = വാഗ്ദാനം ചെയ്യുക
പൂജ = ആരാധന, ശുശ്രൂഷ
പരിഷ (പരുഷ) = കൂട്ടം, ജാതി
പറഞ്ഞൊപ്പ് = വാഗ്ദാനം
പാവാട = പാകിയ ആട, വിരിച്ച തുണി, വിരിപ്പ് (വഴിയിലോ, ഇരിപ്പിടത്തിലോ)
പാഷണ്ഡത = മതവിശ്വാസമില്ലായ്മ, മതവിരുദ്ധാഭിപ്രായം, നാസ്തികത
പെരികെ = കൂടുതൽ, അധികം
പൈശൂന്യം = അസൂയ, തീരാപ്പക, ചതി
ബസ്ക്യാമ്മ = (ബസ്ക്യാമ, ബർസ്ക്യാമ) ഉടമ്പടിക്കാരി, സന്യാസിനി (പട്ടക്കാരന്റെ ഭാര്യ, കത്തനാരി, കത്തനാരത്തി) മസ്ക്യാമ എന്നതു് ദുഷിച്ച രൂപം
ഭൂതീയം (ഭൂതിയം) = ഭൂതം, മൂലഘടകം, മൂലകം, വസ്തു. നാലു ഭൂതിയം = ചതുർഭൂതങ്ങൾ
ഭൂഷപ്പെടുക, ഭൂഷിക്കുക = അലങ്കരിക്കുക, (വേഷം) ധരിക്കുക
മയ്യൽ (മയൽ) = മങ്ങൽ, മയക്കം, dusk, അരണ്ട വെളിച്ചം, ഉഷസ്സ്; മയ്യലേ= രാവിലേ, രാവ് പോകുന്ന നേരം
മിനക്കെടപ്പെട്ട = മിനക്കെട്ട, വ്യർത്ഥമായ, വെറുതെയുള്ള, അനാവശ്യമായ, നിഷ്ഫലമായ
മുറയിടുക; മുറയിടൽ = മുറവിളിക്കുക, വിലപിക്കുക; വിലാപം
മറുതലിപ്പ് = എതിർപ്പ്, വിരുദ്ധത
മൂന്മത്വം (മൂന്മത്വം) = ത്രിത്വം
മുമ്പിടുക = തുടക്കമിടുക, മുമ്പോട്ടു വരുക, മുമ്പിലാകുക
മുഷ്കരം; മുഷ്കരത്തം = ശക്തി, അധികാരം
മൂവൊരുവൻ = ത്രീയേകൻ, ത്രീയേകദൈവം
മെമ്രാ = പാട്ട്, ഗീതം
യാവന (യാപന) = ആഹാരം, തീറ്റ, ഉപജീവനമാർഗ്ഗം
വഹിയാ = വയ്യാ (സംസ്കൃതസാമ്യം വരുത്തിയതു്); വഹിക്കയില്ല
വാങ്ങി = പിന്തിരിഞ്ഞു
വിമ്മിട്ടം (വിമ്മിഷ്ടം) = വിഷമം, പ്രയാസം (ശ്വസിക്കുവാൻ)
വിലങ്ങിടം = കാരാഗൃഹം, തടങ്കൽ, തടവറ
സന്തുക്കൾ= (തന്തുക്കൾ) ശരീരാവയവങ്ങൾ, (സന്ധുക്കൾ എന്നതു് സംസ്കൃതസാമ്യം വരുത്തിയതാകാം) സന്ധികൾ
സ്വതകർമ്മം = സ്വതേയുള്ള പ്രവർത്തനം
സ്വത്വം = സമാധാനം, സ്വാതന്ത്ര്യം, സ്വസ്ഥി
സൂക്ഷിക്കുക = നോക്കുക, കരുതിയിരിക്കുക, കാക്കുക.

കേരളത്തിലെ ക്രൈസ്തവ സമൂഹത്തിന്റെ മതസാഹിത്യത്തിൽ പ്രത്യേകമായി കാണുന്ന ധാരാളം പദങ്ങളുണ്ട്. പലതും മറ്റു രേഖകളിൽ അധികം കാണാനിടയില്ല. പഴയ മലയാളപദങ്ങളും ഇതരഭാഷകളിൽ നിന്നു കടമെടുത്തവയും ഇക്കൂട്ടത്തിലുണ്ട്. ശ്രദ്ധിക്കേണ്ടതെന്നു കരുതുന്ന ഏതാനും പദങ്ങളെപ്പറ്റി ചുരുങ്ങിയ വിവരണം താഴെ ചേർക്കുന്നു.

**അച്ചൻ**– യജമാനൻ, ശ്രേഷ്ഠൻ, മാന്യൻ. കേരളത്തിൽ കശ്ശീശന്മാരെ ഇങ്ങനെ വിളിക്കുന്നു. മുമ്പ് 'ജാതിയജമാനന്മാർ' എന്ന് പരാമർശിച്ചിരുന്ന മെത്രാന്മാരെ പഴയ രേഖകളിൽ അച്ചൻ എന്ന് പറഞ്ഞു കാണുന്നു. ആദ്യ മലയാളം ബൈബിളിൽ യജമാനൻ എന്ന അർത്ഥത്തിൽ അച്ചൻ എന്നുപയോഗിച്ചു. അമ്മാവന്മാരെ അടുത്തകാലംവരെ നസ്രാണികൾ അച്ചൻ എന്ന് സംബോധന ചെയ്തിരുന്നു. കല്യാണപ്പന്തലിൽ പാടിയിരുന്ന പാണന്മാർ മണവാളയച്ചൻ, മണവാട്ടിയമ്മ എന്നെല്ലാം വധൂവരന്മാരെച്ചൊല്ലി പാടുമായിരുന്നു. അച്ച എന്ന പദത്തിന് അമ്മ, മാന്യസ്ത്രീ എന്നീ അർത്ഥങ്ങളുണ്ട്

**അമ്മീറ**– ഹമീറ. വിശുദ്ധ കുർബാനയ്ക്കുള്ള പുളിപ്പുള്ള അപ്പത്തിന് സുറിയാനിയിലുള്ള പേര്. പുളിപ്പില്ലാത്ത അപ്പത്തിന് പത്തീറ എന്നും പറയും. 'പത്തീറാപ്പെരുന്നാൾ' പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാളാണല്ലോ. ഒരിനം പുളിപ്പില്ലാത്ത അപ്പത്തിന് പത്തിരി എന്ന അറബിയിലുള്ള പദവുമായി പത്തീറയ്ക്കുള്ള സാമ്യം നോക്കുക.

**അരുളിക്ക**– തിരുശേഷിപ്പുപേടകം എന്നർത്ഥം വരുന്ന പോർട്ടുഗീസു പദത്തിൽനിന്ന് (relicario) വന്നു. ലത്തീൻ പാരമ്പര്യത്തിൽ നിന്ന് നടപ്പിലായി. ഇപ്പോൾ വിശുദ്ധ കുർബ്ബാനയപ്പം ഇതിൽ സൂക്ഷിക്കുക പതിവുണ്ട്.

**അൾത്താര**– ഉയർന്ന പീഠമെന്നേ അർത്ഥമുള്ളു. ലത്തീനിൽ നിന്ന് വന്നു. റോമൻ പാരമ്പര്യത്തിൽ ബലിപീഠം എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്നു. Altum, Alto എന്നിവ Altar നോട്ട് ബന്ധപ്പെട്ട പദങ്ങളാണ്.

**അർക്കദിയാക്കോൻ**– Arche diakone. മുഖ്യശുശ്രൂഷകൻ ആഥവാ Chief Minister എന്നു പറയാം. Diokone എന്നത് Deacon തന്നെ. സുറിയാനിയിൽ മ്ശംശോനോ. ശെമ്മാശൻ, ചെമ്മാച്ചൻ എന്നിങ്ങനെ മലയാള തൽഭവങ്ങൾ. ശേവം, ശേവുകം, ചേവകർ സേവകൻ എന്നീ പദങ്ങൾ ശ്രദ്ധിക്കുക. ശ, ച എന്നിവയുടെ മാറ്റവും നോക്കണം. കേരളത്തിൽ 'ജാതിക്കു കർത്തവ്യൻ' എന്ന ജാതിയജമാനനെ പോർട്ടുഗീസുകാരാണ് ലത്തീൻ റീത്തു പ്രകാരം മെത്രാനു കീഴുള്ള Arch deacon എന്ന സ്ഥാനിയാക്കിയത്.

**അന്തിക്രിസ്തു**– Anti Christ. എതിർക്രിസ്തു എന്നോ മറ്റോ പറയേണ്ടതിനു പകരം ഇംഗ്ലീഷു വാക്കിന്റെ ഉച്ചാരണം സുവിശേഷപ്രസംഗകരുടെ ഏറ്റുപറച്ചിലുകാർ വികലമാക്കുക വഴി ഉരുത്തിരിഞ്ഞ ഒന്നാകാം. കാലാവസാനത്തിൽ വരുന്ന എതിർക്രിസ്തു എന്ന് വ്യാഖ്യാനിച്ച് സാധൂവാക്കാൻ പഴുതുണ്ട്.

**അന്മേനി**– അല്മേനി. വിശ്വാസി എന്ന സുറിയാനി വാക്കിൽ നിന്ന് വന്നത്. (ഞങ്ങൾ വിശ്വസിക്കുന്നു എന്നതിന് സുറിയാനി മ്ഹയ് മ്നേനാൻ) അൽമായർ എന്നത് Clergy, Laity– വൈദികർ, വൈദികരല്ലാത്തവർ (ലൗകികർ )– എന്ന വിഭജനചിന്തയുടെ സൃഷ്ടിയാണ്. വൈദികനല്ലാത്ത ക്രിസ്ത്യാനി ലൗകികൻ (ഒൽമോയോ) അല്ലാത്തതിനാൽ അൽമായനല്ല. ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനാകളിൽ അന്മേനികൾ എന്നാണ് പ്രയോഗം.

**അംശവടി**– അംശം എന്നാൽ പദവി. പദവിചിഹ്നമായ വടി. അംശവസ്ത്രവും പദവിചിഹ്നം തന്നെ. മെത്രാന്മാർ പദവിചിഹ്നമായി ഉപയോഗിക്കുന്നു.

**അംഗംചാർത്തൽ**– ചന്തം ചാർത്തൽ. ചാർത്തുകയെന്നാൽ അലങ്കരിക്കുക, അണിയുക എന്നൊക്കെയാണ്. വാകച്ചാർത്ത് എന്നത് നോക്കുക. രാജകീയ ക്ഷൗരകർമ്മത്തിന്റെ ആചാരഭാഷ ക്രിസ്ത്യാനികൾക്കും ആകാമായിരുന്നു. പണ്ട് മണവാളന്റെ ആദ്യ മുഖക്ഷൗരകർമ്മം ആചാരപരമായി വിവാഹത്തലേന്ന് പന്തലിലാണ് നടക്കാറ്. അതാണ് അംഗം ചാർത്തിന്റെ തുടക്കം.

**ഇടവക**– എടവക. ഇടപ്രഭുവിന്റെ അധികാരസീമയാണ് ഇട. ഇടത്തിലുള്ള പള്ളി ഇടവകപ്പള്ളി. പ്രാദേശിക ക്രൈസ്തവസമൂഹത്തെ കുറിക്കുവാൻ ഈ പദം ആഗമിച്ച വഴി ചിന്തനീയം. Paroikos എന്ന ഗ്രീക്കുപദം, ഈ ലോകത്തിൽ ക്രിസ്ത്യാനി പരദേശിയാണ്; സ്ഥിരപൗരത്വമില്ല എന്ന ആശയം പ്രകടിപ്പിക്കുന്നു. അതിൽനിന്ന് വന്ന Parish ന്റെ അർത്ഥപുഷ്ടി ഇടവക എന്ന പദത്തിനില്ല. Pilgrim എന്ന സ്വർഗ്ഗസഞ്ചാരിയുടെ ഭാവവും അതിലില്ല.

**ഉറുശ്ശുമാ**– റൂശ്മ, റൂശ്മാ. അടയാളമിടൽ. മുദ്ര. കുരിശടയാളമിടുകയാണ് റൂശ്മാ ചെയ്യൽ. ഒപ്പ് (Sign) എന്ന വാക്കും റൂശ്മായും ചേർത്ത് ഒപ്പുറുശ്ശുമാ എന്ന പ്രയോഗമുണ്ട്. 'മുമ്പിലത്തെ ഒപ്പുറുശ്ശുമാ' (മൂറോൻ അഭിഷേകം) 'ഒടുവിലത്തെ ഒപ്പുറുശ്ശുമാ' (തൈലാഭിഷേകം) എന്നിവ.

**കത്തനാർ**– മൂപ്പൻ എന്ന് ഇക്കാലത്ത് തർജ്ജമ ചെയ്യുന്ന കശ്ശീശ (Qasisa) എന്ന സുറിയാനിപദത്തിന്റെ തൽഭവം. സുറിയാനിപദങ്ങൾ പേർഷ്യൻ ഉച്ചാരണത്തിൽ കേരളത്തിൽ നടപ്പുണ്ടായിരുന്നു. ശ, സ എന്നിവ ഥ, ത എന്നിങ്ങനെ ഉച്ചരിച്ചിരുന്നു. ബേസനിയ –ബേഥനിയ, മാമോദീസ –മാമോദീത്ത, കാസോലിക്ക –കാതോലിക്ക, കാസോലിക്കി–കാതോലിക്കി, സ്വർണോസു് –ത്രോണോസു്, ബേസ്ലഹേം – ബേത്ലഹേം,

റോസ – റോത, പസാരം –പതാരം എന്നീ പദങ്ങളും സേവ –തേവ, കസേര –കഥേര എന്നിവയും ഉദാഹരണങ്ങൾ മാത്രം. പോർട്ടുഗീസു് ഭാഷയിൽ Cassanares എന്നാണ്. കത്തം, കത്തങ്ങൾ, കഥൻ എന്നിങ്ങനെ കത്തനാരെക്കുറിക്കുന്ന പഴയ പ്രയോഗങ്ങൾ ഉണ്ടു്. കത്തനാരുടെ ഭാര്യയെ കത്തനാരത്തി എന്നാണ് പറഞ്ഞുവന്നതു്. പോർട്ടുഗീസു് രേഖയിൽ കത്താത്തിയാര എന്നുണ്ടു്. കത്തനാർ, കർത്താവിന്റെ ആൾ, കർതൃത്വമുള്ളയാൾ എന്നൊക്കെയുള്ള വ്യാഖ്യാനം കർത്താവ് എന്ന പദം ക്രൈസ്തവഭാഷയിൽ പ്രയോഗത്തിൽ വന്ന ശേഷം മാത്രം ആരോപിച്ചതാവാനേ വഴിയുള്ളു. അതിൽനിന്നുള്ള ഉപോല്പന്നമാണ് കർത്തനാൾ എന്ന ആധുനികപ്രയോഗം.

**കത്തീഡ്രൽ–** മെത്രാന്റെ ആസ്ഥാനദേവാലയം. മേല്പട്ടക്കാരന്റെ കത്തെഡ്രാ (സിംഹാസനം– ഇരിപ്പിടം) ഉള്ള പള്ളിയാണ് കൃത്യമായ അർത്ഥത്തിൽ കത്തീഡ്രൽ. മറ്റു പള്ളികളെ മേനിക്കു വേണ്ടി ഇങ്ങനെ വിളിക്കുന്നു.

**കപ്യാർ–** ലത്തീനിൽ കപിത്താ (Caput, Capita) പോർട്ടുഗീസിൽ Capitao, ഗ്രീക്കിൽ Kephale, സംസ്കൃതത്തിൽ കപാലം ഇംഗ്ലീഷിൽ Cephalus എന്നീ പദങ്ങളുടെ അർത്ഥത്തിൽ തല, ശിരസ്സ് എന്നിവയും അതിൽ നിന്ന് തലവൻ എന്ന അർത്ഥവും ധ്വനിക്കും. (C, K, എന്നീ അക്ഷരങ്ങളുടെ ഉച്ചാരണവും – സ, ക – ശ്രദ്ധേയം.) കപ്പിത്താൻ, Captain, Capital എന്നിവ നോക്കുക. 'കത്തങ്ങളും, കപ്പിത്തങ്ങളും' എന്ന പഴയ പ്രയോഗത്തിൽ കത്തനാരച്ചനെയും, കപ്യാരച്ചനെയുമാണ് സൂചിപ്പിച്ചതു്. പള്ളി ആരാധനയിലും സംരക്ഷണയിലും പട്ടക്കാരുടെ ശുശ്രൂഷയിലും കാര്യമായ പങ്കുള്ള ചുമതലക്കാരന് നേതൃത്വസൂചനയുള്ള ഈ പദവിനാമം പഴയകാലത്ത് അഭികാമ്യവും അർത്ഥവത്തുമായിരുന്നു. പള്ളിയിലെ വിശുദ്ധവസ്തുക്കളുടെ സൂക്ഷിപ്പുകാരനും ചുമതലക്കാരനും ആയിരുന്ന കപ്യാർ, ശെമ്മാശ്ശന്മാരുടെ അസാന്നിദ്ധ്യത്തിൽ അവരുടെ ചുമതല കൂടി വഹിച്ചുതുടങ്ങി. ഈ വാക്കിന് ഗുണ്ടർട്ടിന്റേതുൾപ്പെടെയുള്ള നിഘണ്ടുക്കളും ചില വിജ്ഞാനകോശങ്ങളും സുറിയാനിയിലെ കബുറാ (ശവക്കുഴി വെട്ടുന്നവൻ) യിൽ നിന്നാണ് കപ്യാർ എന്ന പദം വന്നതു് എന്നും മറ്റും നല്കിയ വിശദീകരണങ്ങൾ വസ്തുതാപരമായതോ ഒട്ടും വിശ്വാസയോഗ്യമോ അല്ല. ഉദയംപേരൂർ സുന്നഹദോസിന്റെ കനോനായിൽ കപ്യാർ എന്ന പദപ്രയോഗം ഉണ്ടു്.

**കന്തീല–** സുറിയാനിവാക്കിന് തിരി (Cantle) എന്നേ അർത്ഥമുള്ളു. എന്നാൽ രോഗികളുടെ തൈലാഭിഷേകത്തിന്റെ വിപുലീകരിച്ച ക്രമത്തിന് കന്തീല എന്ന് പറയാറുണ്ടു്. അഞ്ചു തിരികൾ കത്തിച്ചു വയ്ക്കുന്നതു കൊണ്ടാകാം ഈ കൂദാശയ്ക്കു് ഈ പേരു വന്നതു്.

**ക്രിസ്തുമസു്–** യേശുവിന്റെ ജനനപ്പെരുന്നാൾ. യൽദോ എന്ന് സുറിയാനിയിൽ. പിറവിത്തിരുന്നാൾ. Christ-mas എന്ന ഇംഗ്ലീഷ് പദം ആംഗ്ലോ സാക്സൺ പദമായ ക്രീസ്റ്റ് മെസ്സെ എന്നതിൽ നിന്നുണ്ടായതാണ്. ക്രിസ്തുവിന്റെ ജനനത്തിന്റെ ഓർമ്മദിനത്തിലെ കുർബ്ബാന എന്നാണതിന്റെ അർത്ഥം. ലത്തീനിൽ കുർബ്ബാന എന്നതിന് മീസാ (missa) എന്ന പേരുണ്ടായി. അതാണ് മെസ്സെ എന്ന് ആംഗ്ലോ സാക്സണിലും മാസു് (mass) എന്ന് ഇങ്ഗ്ലീഷിലും വന്നതു്. അഭിഷിക്തൻ (സുറിയാനിയിൽ മശിഹാ) എന്നർത്ഥമുള്ള ഖ്റിസ്തോസു് എന്ന ഗ്രീക്കു വാക്ക് ലത്തീനിൽ ക്രിസ്തുസു് എന്നായി. അതാണ് ക്രൈസ്റ്റ് എന്ന് ഇങ്ഗ്ലീഷിൽ കാണുന്നതും, ക്രിസ്റ്റ് എന്ന് ചിലപ്പോൾ ഉച്ചരിക്കുന്നതും. മലയാളത്തിൽ ക്രിസ്തു. ക്രിസ്റ്റ്മസു് (christ-mas) എന്ന് ഇങ്ഗ്ലീഷിൽ എഴുതിയാലും ക്രിസ്മസ്സ് എന്ന ഈങ്ഗ്ലീഷുകാർ ഉച്ചരിക്കൂ. ക്രിസ്തു (Christ) എന്ന വാക്ക് നിലനില്ക്കണമെങ്കിൽ ക്രിസ്റ്റ്മസ്സ് എന്ന് ഇങ്ഗ്ലീഷിലും ക്രിസ്തുമസ്സ് എന്ന് മലയാളത്തിലും പറയേണ്ടതാണ്. ക്രിസ്തുവിനെ ക്രിസു് എന്ന് ചുരുക്കുവാൻ പാടില്ലല്ലോ. ഖ്റിസ്തോസു് എന്ന ഗ്രീക്കുവാക്കിലെ ആദ്യാക്ഷരവും ലത്തീനിലെ mas എന്നതും ചേർത്താണ് X mas എന്നെഴുതുന്നതു്. (ക്രൈസ്തവശബ്ദകോശം)

**കാശുരൂപം–** ആമാട എന്നും വിൽക്കാശു് എന്നുമൊക്കെ വിളിക്കുന്ന സ്വർണ്ണനാണയമായ വെനീഷ്യൻ ഡുക്കറ്റുകളിൽ ഒരു വശത്ത് പുരാതന പ്രജാധിപത്യ വെനീസിലെ മജിസ്ട്രേറ്റിന് (ഡോജോ) വെനീസിലെ മാർക്കസു് പുണ്യവാളൻ അധികാരദണ്ഡു് നല്കുന്ന ചിത്രവും ലിഖിതവും മറുവശത്ത് നക്ഷത്രങ്ങളാൽ ചുറ്റപ്പെട്ട പരിവേഷമണിഞ്ഞ ക്രിസ്തുവിന്റെ ചിത്രവും ആലേഖനം ചെയ്തിട്ടുണ്ടു്. തൂക്കം. 3.5 ഗ്രാം. രാജാക്കന്മാർ ക്രിസ്ത്യൻ പുരോഹിതർക്ക് ഇതു് സമ്മാനം നല്കിയിരുന്നു. ചാന്നാർകാശു് എന്നും വിളിച്ചിരുന്നു. 1280 മുതൽ കേരളത്തിൽ പ്രചാരത്തിലുണ്ടു്. ലിഖിതങ്ങളിൽ 'അല്ലയോ ക്രിസ്തുനാഥാ, അങ്ങു വാഴുന്ന ഈ ഡുക്കറ്റ് അങ്ങേയ്ക്കായിത്തന്നെ സമർപ്പിച്ചിരിക്കുന്നു' എന്ന് കാണുമ്പോൾ ജനങ്ങൾ ഇതു് കാശുരൂപമായി കഴുത്തിൽ ധരിച്ചിരിക്കാൻ ഇടയുണ്ടു്. വിൽക്കാശു് കഴുത്തിൽ ധരിച്ചിരുന്നതുകൊണ്ടാണ് പിൽക്കാലത്ത് ഈ ആകൃതിയിലുള്ള ലോക്കറ്റുകളെ കാശുരൂപമെന്ന് വിളിച്ച് പ്രചാരത്തിലായതു്. ക്രിസ്തുവിനു സമർപ്പിച്ച ലോകത്തിലെ ആദ്യനാണയവും ഇതായിരിക്കണം. കേരളത്തിലെ സുറിയാനിക്രിസ്ത്യാനികൾ ഇതു് താലിയായി ഉപയോഗിച്ചിരുന്നു. ഇതിനെ ആമാടത്താലി എന്നാണ് വിളിച്ചിരുന്നതു്. പേ.130 (അങ്കമാലിരേഖകൾ. വറുഗീസു് അങ്കമാലി, ജോമോൻ തച്ചിൽ, മെറിറ്റ് ബുക്ക്സ്, എറണാകുളം 2002.)

**കുശിനി–** Cozinha (കൊസിഞ്ഞ) എന്ന പോർട്ടുഗീസു് പദത്തിൽ നിന്നു വന്നതു്. ഭക്ഷണം പാകം ചെയ്യുന്നതിനുള്ള കെട്ടിടം. പോർട്ടുഗീസു് മിഷനറിമാർ വഴി വന്നതുകൊണ്ടാകാം പള്ളിയിലേ കുശിനിക്ക് പൊതുവേ സ്ഥാനമുള്ളു.

**കുമ്പസാരം**– പോർട്ടുഗീസ് ഭാഷയിലെ 'കുംഫസാർ' (കുറ്റം സമ്മതിക്കുക) എന്നതിൽ നിന്ന് വന്നതു്. വ്യക്തിതല കുമ്പസാരം വ്യാപകമായി നിലവിൽ കൊണ്ടുവന്നതു് പോർട്ടുഗീസ് സഭാധികാരത്തിൽ നിന്നായതുകൊണ്ടാകാം അവരുടെ ഭാഷാപദം സ്ഥാനം പിടിച്ചതു്.

**കേത്താന**– നാരിൽ നിന്നുണ്ടാകുന്ന തുണി – Linen – എന്നാണ് സുറിയാനി വാക്കിന്റെ അർത്ഥം. പഞ്ഞി (Cotton) നൂൽത്തുണി തന്നെയാകാം കേത്താന. യേശുവിന്റെ ശരീരം പൊതിഞ്ഞതു് കേത്താനാശീല കൊണ്ടാണ്. കോടിത്തുണി എന്ന് അർത്ഥം കുറിച്ച നിഘണ്ടു ശരിയാകാനിടയില്ല.

**കൊന്ത**– ഒരു മരത്തിന്റെ കുരു (Contas) കോർത്ത മാലയാണ്. ജപം എണ്ണുവാൻ ഉപയോഗിക്കുന്നു. പോർട്ടുഗീസ് വാക്കിൽ നിന്ന് വന്നു. Count, Account എന്നിവ ഇതിനോട് അടുത്തു നില്ക്കുന്നു.

**കൈക്കസ്തൂരി**– കൈയസൂരി. കൈമിച്ചംകൊടുക്കൽ (Advance) എന്ന അർത്ഥമുള്ള വ്യാപാരരംഗത്തെ ഒരു സാങ്കേതികപദമായ ദസ്തൂരി എന്ന പേർഷ്യൻ വാക്കിൽനിന്ന് വന്നതു്. കൈദത്തുരി. പരസ്പരമുള്ള അനുരഞ്ജനസൂചകമായി കൈകൾ കൊടുത്തു് സമാധാനമാശംസിക്കുന്ന കർമ്മത്തിനുള്ള ഈ പേരു് പേർഷ്യൻ സഭാബന്ധത്തിന്റെ അവശിഷ്ടം.

**കൗമ**– 'ക്റൂമി' എന്ന അറമായ പദം 'ബാലേ, എഴുന്നേല്ക്കുക' (തലീഥാ ക്റൂമി) എന്ന യേശുവിന്റെ ആജ്ഞ വഴി നമുക്കു പരിചിതമാണ്. 'കോം' എന്ന മൂലസുറിയാനി പദത്തിൽ നിന്ന് ഉരുത്തിരിഞ്ഞ കൗമ, എഴുന്നേല്പൽ എന്നായി മനസ്സിലാക്കാം. യാമം തോറുമുള്ള നമസ്കാരത്തിന് ആണ് ഈ എഴുന്നേല്പ്. യാമം തോറും ആവർത്തിക്കപ്പെടുന്ന പ്രാർത്ഥനാഭാഗം അങ്ങനെ കൗമയായി. ആരാധനാബന്ധിയായി കൗമയ്ക്കു് ഒരു യാമം എന്നാണർത്ഥം. ഈ പദത്തിന് സ്ഥാനം (സ്റ്റേജ്) എന്നെഴുതിക്കണ്ടു, ഒരു നിഘണ്ടുവിൽ. രാത്രി പ്രാർത്ഥന, രാത്രികാലത്തു് പാടാറുള്ള ഗീതങ്ങൾ, എന്ന് കവ്മാ എന്ന സുറിയാനിപദത്തിന് അർത്ഥം കണ്ടെത്തിയ പഠനഗ്രന്ഥവുമുണ്ട്.

**ചെപ്പേട്**– ചെപ്പ്, ഏട് എന്നീ പദങ്ങൾ അടങ്ങുന്നതു്. ചെപ്പെന്നാൽ ചെമ്പ്. ചെപ്പുകുടം ചെമ്പുകുടം തന്നെ. ഏടുന്നതു് ഏട്, അഥവാ താൾ. 'ഏടുകെട്ടുക' 'ഏട്ടിലപ്പടി, പയറ്റിലിപ്പടി' എന്നീ ചൊല്ലുകൾ കാണുക. ഏട് രേഖയാണ്. ചെമ്പുതകിടിലുള്ള രേഖ.

**നസ്രാണി**– അറബിയിൽ ക്രിസ്ത്യാനി എന്നതിനുള്ള പദം. അറബിയിൽ നസ്സറ എന്നാൽ മാമോദീസാ മുങ്ങുക എന്നാണ്.

**നോമ്പ്**– നൊയമ്പ്. നയമ്പ്. നോൽക്കുന്നതു് (വ്രതം നോക്കുന്നതു്) നോമ്പ്. ആറ്റുനോറ്റിരിക്കുകയെന്നാൽ കുളിച്ച് വ്രതമായിരിക്കുകയാണ്. അനുതാപത്തിന്റെയും പശ്ചാത്താപത്തിന്റെയും കാലമാണ് നോമ്പ്. അതു് തെറ്റുകൾ ചെയ്തതിലുള്ള നോവിന്റെ – നൊമ്പരത്തിന്റെ – സമയമാണ്. നൊമ്പരത്തിന്റെ ധാതു നോമ്പിൽ കണ്ടേക്കാം. പഴയ രേഖകളിൽ നോമ്പിന് തവതു് (തപസ്സ്) എന്നുപയോഗിച്ചിട്ടുണ്ട്.

**പതാരം**– പസ്സാരം (ത ചിലപ്പോൾ സ്സ ആകുന്നതു് നിരീക്ഷിക്കേണ്ടതാണ്). വാരം സ്ഥലമുടമയ്ക്കു് കൃഷിക്കാരൻ കൊടുക്കേണ്ട പ്രതിഫലമാണ്. പതവാരം – പതാരം – പത്തിലൊന്ന് (ദശാംശം) ദൈവത്തിനു കൊടുക്കേണ്ടതാണ്.

**പത്രമേനി**– പിതാവിനെ സംബന്ധിച്ചതു് (Patrimonium) എന്ന വാക്കിൽ നിന്ന് വന്നതു്. പിതൃസ്വത്തു്.

**പട്ടം**– നെറ്റിക്കുമുകളിൽ തലയിൽ ചൂടുന്ന (കെട്ടുന്ന) താണ് പട്ടം. കിരീടം തന്നെ. നെറ്റിപ്പട്ടം. ഇലക്കിരീടമായിരിക്കാം ആദ്യം ചൂടി വന്നതു്. പട്ട (പത്രം) എന്നതിൽ നിന്നാണത്രേ പട്ടം ഉണ്ടായതു്. പട്ടം കെട്ടുകയെന്നതു് – പട്ടാഭിഷേകം – രാജാഭിഷേകം തന്നെ. ക്രൈസ്തവ പട്ടക്കാരൻ രാജാവും പുരോഹിതനും പ്രവാചകനുമായി പട്ടം കെട്ടപ്പെടുന്നു. പട്ടം (പട്ടയം) അധികാരപത്രം ആണ്. പട്ടക്കാരൻ അധികാരപത്രം (പട്ടക്കടലാസ്സ്) ഉള്ള ആളും. ആചാര്യൻ, പുരോഹിതൻ എന്നീ പര്യായപദങ്ങൾ പട്ടക്കാരനു പകരമായി ഉപയോഗിച്ചാൽ ഭാഗികമോ ശുഷ്കമോ ആയ അർത്ഥമേ വെളിപ്പെടൂ.

**പടിയോല**– പടിയെന്നാൽ മുറ അഥവാ ക്രമം. പതിവായുള്ളതും. മാസപ്പടി നോക്കുക. നടന്നതിന്റെയോ നടക്കുന്നതിന്റെയോ ക്രമമാണ് നടപടി. ക്രമം, മുറ, നിശ്ചയം, നടപടി ഇവയൊക്കെ ചട്ടമാകും. അപ്രകാരമുള്ള നിശ്ചയം (ചട്ടം) എഴുതിവച്ച ഓല (രേഖ) പടിയോലയും.

**പാതിരി**– പിതാവ് എന്നർത്ഥമുള്ള Padre എന്ന പോർട്ടുഗീസ് വാക്കിൽ നിന്ന് വന്നതു്. വിദേശവൈദികരെ സൂചിപ്പിക്കുവാനേ ഈ പദം ഉപയോഗിച്ചു വന്നുള്ളൂ. പിന്നീടതു് മിഷനറി സമൂഹത്തിൽ പെട്ടവരെ സൂചിപ്പിക്കുന്നതായി. നാട്ടുകാരൻ കശ്ശീശ, കത്തനാരോ കത്തമോ ആണ്. പാപ്പ, ബാവ, Father ഇതൊക്കെ തത്സമം. Padre സംസ്കൃതത്തിലെ പിതൃ എന്നതിനോട് ചേർത്തു വച്ച് നോക്കണം.

**പാസ്റ്റർ**– ആടുനോക്കുന്നവൻ എന്ന അർത്ഥമുള്ള പാഷരെ എന്നതിൽ നിന്ന് വന്നതു്. (സംസ്കൃതത്തിൽ പാ, പാലിക്കുക എന്നാണ്.) ലത്തീനിൽ പാസ്റ്റോർ, ഇടയൻ ആണ്. മദ്ധ്യകാല ഇംഗ്ലീഷിൽ അതു് Pastour ആയി.

**പേത്രത്താ**– നോമ്പു പിടിക്കുന്നതിന്റെ തലേദിവസം. സുറിയാനിസഭാക്കണക്കിൽ ആരാധനാദിനം ആരംഭിക്കുന്നതു് സന്ധ്യയ്ക്കാണല്ലോ. വർജ്ജനം എന്ന അർത്ഥത്തിൽ പേത്തുർത്താ (പേത്തർത്താ) എന്ന സുറിയാനി വാക്കാണ് ഉപയോഗിച്ചിരുന്നതു്. അവസാനിപ്പിക്കുക എന്ന അർത്ഥമുള്ള പ്ത്ർ എന്ന ദാതുവിൽ

നിന്നുള്ള ഒരു പദമാണത്. ഉപവാസത്തിന്റെ കാലം - നോമ്പ്- തുടങ്ങുമ്പോൾ സുഭിക്ഷമായ ഭക്ഷണാനന്തരം ആ രീതി വർജ്ജിക്കുന്ന ദിനമാണത്. പോർട്ടുഗീസ് പദമാണ് പേത്രുത്താ (പെത്രാത്ത) എന്നും പറയുന്നുണ്ട്.

**ബെസിലിക്കാ**– കോൺസ്റ്റന്റൈൻ ചക്രവർത്തി പണിയിച്ച ഏഴ് വലിയ ദേവാലയങ്ങളാണ് രാജകീയപള്ളികൾ (ബെസിലിക്കാകൾ) എന്ന് ആദ്യം വിളിക്കപ്പെട്ടത്. വലിയ പള്ളികളെ ബസിലിക്കാകൾ എന്ന് വിളിക്കുന്നത് ബഹുമതിയുടെ സൂചന മാത്രമാണ്.

**ബെസ്സർക്കാന**– ശുദ്ധീകരണഭവനം എന്ന് തർജ്ജമ ചെയ്യാവുന്ന ബേത്-പുർക്കാന എന്ന സുറിയാനിപദത്തിൽ നിന്നുള്ളത്. (ത, സ ആയി ഉച്ചരിക്കുന്ന രീതി സുറിയാനിയുടെ പേർഷ്യൻ സ്വാധീനം കൊണ്ട്.) പോർട്ടുഗീസിൽ purgotoria. പുറകത്തോരി എന്ന് മലയാളത്തിൽ എഴുതിക്കാണുന്നു. സ്വർഗ്ഗനരകങ്ങൾക്കിടയിലെ ഈ ശുദ്ധീകരണസ്ഥലം റോമൻ കത്തോലിക്കാസഭയുടെ വിശ്വാസസംഹിതയിൽ ഉൾപ്പെടുന്നു. ഇത് മറ്റുവിഭാഗങ്ങൾ വേദാനുസരണമായി കരുതുന്നില്ല.

**മ്ശ്ശശന്മാർ**– വിദ്വാന്മാർ. ജ്ഞാനികൾ. മ്ശ്ശശാ എന്ന സുറിയാനി വാക്കിന് അഗ്നിപൂജകൻ, ഇന്ദ്രജാലക്കാരൻ എന്നിങ്ങനെ അർത്ഥം. വാനശാസ്ത്രജ്ഞന്മാർ, വിദ്വാന്മാർ, രാജാക്കന്മാർ, രാജകുമാരന്മാർ എന്നിങ്ങനെ യേശുവിനെ നമസ്കരിച്ചവരെപ്പറ്റി പറയപ്പെടുന്നു. മ്ശ്ശശന്മാർ (മാഗി) എന്ന വേദപുസ്തക പ്രയോഗമാണ് പ്രാമാണികമെന്ന് കരുതേണ്ടത്. മ്ശ്ശശന്മാർ മദ്ധ്യപൂർവ്വദേശത്തെ പ്രത്യേക കൂട്ടം ആണെന്നതിന് തർക്കം വേണ്ടതില്ല. പാരസികന്മാർ (പേർഷ്യാക്കാർ) എന്ന് സുറിയാനി ആരാധനക്രമങ്ങളിൽ കാണാം. പേർഷ്യനിൽ മഗെ (മതപുരോഹിതൻ) ഇംഗ്ലീഷിൽ Magi.

ഒരു ഐതിഹ്യമനുസരിച്ച് ഉണ്ണിയീശോയെ സന്ദർശിക്കുവാൻ കിഴക്കുനിന്ന് വന്ന ജ്യോതിശാസ്ത്രജ്ഞന്മാർ പേർഷ്യാക്കാരായിരുന്നു. സൊറൊവാസ്റ്റർ (Zoroaster) മരിക്കുന്നതിനു മുമ്പ് ലോകരാജാവിനെപ്പറ്റി പ്രവചിച്ചിരുന്നെന്നും പ്രവാസിയഹൂദന്മാർ അത് മിശിഹായുടെ ജന്മത്തെക്കുറിച്ചാണെന്ന് വ്യാഖ്യാനിച്ചെന്നും തദനുസരണമാണ് അറമയ സംസാരിക്കുന്ന വിജ്ഞാനികൾ യാത്രയ്ക്കൊരുങ്ങിയതെന്നും പറയപ്പെടുന്നു. മൂന്നു ഗ്രൂപ്പുകളിലായി അവർ പന്ത്രണ്ടു പേരുണ്ടായിരുന്നുവത്രേ. അവർ തിരിച്ചുവന്ന് രക്ഷാകര സന്ദേശം ആദ്യമായി പേർഷ്യൻ മണ്ണിലെത്തിച്ചു.

ബേത്ലഹേമിൽ എ.ഡി.325-ൽ ഹെലനി രാജ്ഞി പണിയിച്ചതാണ് തിരുജനന ദേവാലയം. അത് 529-ൽ ശമര്യർ നശിപ്പിച്ച ശേഷം, ജസ്റ്റിനിയൻ ചക്രവർത്തി പണിയിച്ച ബസിലിക്കയിൽ ഉള്ള മ്ശ്ശശന്മാരുടെ മൊസയിക് ചിത്രം സംബന്ധിച്ച് ചരിത്രസത്യമായി അവകാശപ്പെടുന്ന ഒരു കഥയുണ്ട്. എ.ഡി.614-ൽ പേർഷ്യാക്കാർ സിറിയായും പാലസ്തീനും ആക്രമിക്കുകയും യരുശലേം പട്ടണം തീയ്ക്കിരയാക്കുകയും ചെയ്തു. ബേത്ലഹേമിലെ ദേവാലയം നശിപ്പിക്കാനൊരുങ്ങിയപ്പോൾ ഭിത്തിയിൽ പേർഷ്യാക്കാരായ വിദ്വാന്മാരുടെ ചിത്രം കണ്ട് അത്ഭുതപ്പെട്ടു. സ്വന്തനാട്ടുകാരും വാനശാസ്ത്രജ്ഞന്മാരുമായ അവരുടെ പിതാമഹന്മാരോടുള്ള ആദരം കാരണം ദേവാലയം നശിപ്പിക്കാതെ പോയി. (ഫാദർ ടി.ജെ.ജോഷ്വ, വിശുദ്ധനാട്ടിൽ, Nalathra Printers, Kottayam.1975. പേ.95, 96) ബേത്ലഹേമിൽ യേശുവിനെ കാണാനെത്തിയ വിദ്വാന്മാർ അറേബ്യയിൽ നിന്നാണ് വന്നതെന്ന് വി. ജസ്റ്റിൻ ട്രീഫോയുമായുള്ള സംവാദത്തിൽ അഭിപ്രായപ്പെടുന്നു. യേശുവിന്റെ ജനനത്തിൽ 'കിഴക്കുനിന്നു വിദ്വാന്മാർ' (Magi) വന്നതായി സുവിശേഷത്തിലുണ്ട്. അവർ പേർഷ്യയിൽ നിന്ന് വന്നവരെന്ന് തെളിവില്ല; പൊതുവിൽ അംഗീകരിക്കുന്ന പാരമ്പര്യമുണ്ട്. എന്നാൽ നബാത്യർ 'കിഴക്കുനിന്ന്' (പെത്രായിൽ നിന്ന് - ട്രാൻസ് ജോർദ്ദാനിൽ നിന്ന്) വന്നതായി വ്യാഖ്യനിക്കുന്നവരുണ്ട്. സ്വർണ്ണവും കുന്തുരുക്കവും കച്ചവടം ചെയ്യുന്നവരാണല്ലോ നബാത്യർ. രസകരമായ ഒരഭിപ്രായമെന്നതിൽ കവിഞ്ഞ് അതിന് പ്രാധാന്യം കല്പിക്കേണ്ടതില്ല. (പിറവത്തു നിന്നാണ് രാജാക്കന്മാർ പോയതെന്നു പറയുന്നതിനെക്കാൾ എത്രയോ യുക്തിപൂർവ്വമായിട്ടിതു തോന്നുന്നു എന്നും പ്രസ്തുതഗ്രന്ഥം സൂചിപ്പിക്കുന്നു.)

നമുക്ക് മേനി പറയുവാൻ, ഭാരതത്തിൽ ജ്യോതിഷമുണ്ടായിരുന്നതുകൊണ്ട് രാജാക്കളിൽ ഭാരതീയൻ ഒരാൾ ഉണ്ടായിരുന്നെന്നു സങ്കല്പിക്കാം; അയാൾ പിറവത്തുകാരൻ ആയിക്കൂടെന്ന് നിർബ്ബന്ധിക്കേണ്ടെന്നും വയ്ക്കാം. പക്ഷെ അത് ഇന്നത്തെ നമ്മുടെ ഭാവനാവിലാസം ചരിത്രമാക്കുവാൻ ശ്രമിക്കുന്ന ഒരു വിഡ്ഢിത്തമേ ആകൂ. പന്ത്രണ്ടാം നൂറ്റാണ്ടിനു ശേഷമാണ് മ്ശ്ശശന്മാരോടുള്ള ഭക്തി വർദ്ധിച്ചതും അവരുടെ നാമത്തിൽ പള്ളികൾ ഉണ്ടായതും. മദ്ധ്യയുഗം മുതലാണ് മൂന്നു രാജാക്കൾ എന്ന് പറഞ്ഞു തുടങ്ങിയത്.

മ്ശ്ശശരാജാക്കൾ എന്നതിലെ മ് ഉച്ചരിക്കാതെ വിടുക വഴി പിന്നീട് അവരെ ക്ലജ(ശ) രാജാക്കളാക്കുകയും, ക്ലജ(ശ) അർത്ഥരഹിതമെന്നായപ്പോൾ പൂജരാജാക്കളെന്നാക്കുകയും ചെയ്ത് നാം മിടുക്കരാകുന്നു.

**മാർ**– മാറിയ എന്ന കൽദായ സുറിയാനി വാക്കിൽനിന്നാണ് മാർ വന്നത്. മാറ് എന്നത് അതിന്റെ ലോപിച്ച രൂപം. കർത്താവ്, നാഥൻ, ഉടമസ്ഥൻ എന്നൊക്കെയാണ് അർത്ഥം. ശ്രീ എന്നതുപോലെ ഒരു ബഹുമാനസൂചകപദം. മാറാൻ ബഹുവചനരൂപം. മർത്ത എന്നത് സ്ത്രീലിംഗരൂപം. മാറാനായ എന്നതിന് നാഥനെ സംബന്ധിച്ചത്, പ്രധാനപ്പെട്ടത് എന്നെല്ലാം അർത്ഥം വരും.

**വികാരി**– പകരം നില്ക്കുന്നവൻ, പ്രതിനിധി എന്നാണ് ലത്തീൻ പദത്തിന്റെ അർത്ഥം. മെത്രാന്റെ പകരക്കാരൻ. (ചുമതല നിർവ്വഹിക്കുന്നയാൾ). പോർട്ടുഗീസ് Vigario. ഉദയംപേരൂർ സുന്നഹദോസ് നിശ്ചയം കൊണ്ടാണ് ഇങ്ങനെ ഒരു സ്ഥാനി ഇവിടത്തെ പള്ളികളിൽ ഉണ്ടായത്. ഇടവകപ്പട്ടക്കാർ തവണയനുസരിച്ച് കർമ്മങ്ങൾ നടത്തുകയായിരുന്നു കേരളസഭയുടെ പാരമ്പര്യം. ഉദയംപേരൂർ സുന്നഹദോസ് അപ്രകാരം ഒരു നിശ്ചയം ചെയ്തതായി രേഖപ്പെടുത്തിയെങ്കിലും പിന്നീട് ഒന്നര നൂറ്റാണ്ടെങ്കിലും പഴയ പതിവുതന്നെ ഇടവകകളിൽ തുടർന്നിരുന്നു.

**വീഞ്ഞ്**– പോർട്ടുഗീസ് ഭാഷയിൽ പുളിപ്പിച്ച മുന്തിരിച്ചാറിന്റെ പേര് (Vinho). കേരളസഭയിൽ ഉണക്കമുന്തിരിങ്ങ വെള്ളത്തിലിട്ട് പിഴിഞ്ഞെടുത്തതാണ് വിശുദ്ധ കുർബ്ബാനയ്ക്ക് ഉപയോഗിച്ചിരുന്നത്. കുർബ്ബാനയ്ക്ക് മുന്തിരിച്ചാറ് മുൻകൂട്ടി തയ്യാർ ചെയ്തുവയ്ക്കുന്നത് പോർട്ടുഗീസുകാരുടെ രീതിയായിരുന്നു. അവരുടെ ഭാഷയിലുള്ള അതിന്റെ പേര് – വീഞ്ഞ് – മലയാള ഭാഷയിൽ സ്ഥാനം പിടിച്ചു.

**സുറിയാനി**– സുറിയ (സിറിയ) യിലെ ഭാഷ എന്ന അർത്ഥത്തിലുള്ള അറബി പദം. ഇത് സുറിയാനിയിൽ സുറിയായ എന്നേ വരൂ. സുറിയാനി ക്രിസ്ത്യാനി എന്ന് കേരളക്രൈസ്തവരെ വിളിച്ചത് സുറിയാനി ആരാധന ഭാഷയായി ഉപയോഗിക്കുന്നവരെ ലത്തീൻ ഉപയോഗിക്കുന്നവരിൽ നിന്ന് വേർതിരിച്ചറിയുന്നതിനായിരുന്നു. സിറിയൻ ക്രിസ്ത്യൻ എന്ന ഇംഗ്ലീഷ് പ്രയോഗത്തിലെ സിറിയൻ ഇവിടെ ഒരുകാലത്തും സിറിയ നാടിനെ സൂചിപ്പിച്ചിരുന്നില്ല. അടുത്തകാലത്ത് അങ്ങനെ ചില തല്പരകക്ഷികൾ പറയുന്നുവെന്ന് മാത്രം. ഏതാണ്ട് നൂറു വർഷം മുമ്പ് മലങ്കരസഭയിൽ നിന്ന് വേർപിരിഞ്ഞ മാർത്തോമ്മാ സുറിയാനി സഭ അതിന്റെ പേര് ഇംഗ്ലീഷിൽ മാർത്തോമ്മാ സിറിയൻ ചർച്ച് എന്ന് പറയുന്നത് സിറിയൻ സഭയുമായി ബന്ധമുള്ളതുകൊണ്ടല്ല. ഡമാസ്കസിലെ അന്ത്യോക്യൻ പാത്രിയർക്കീസ് അദ്ധ്യക്ഷനായ സിറിയൻ ഓർത്തഡോക്സ് സഭ അതിന്റെ പേര് ഇപ്പോൾ (2000 ഏപ്രിലിൽ) 'സിറിയക് ഓർത്തഡോക്സ് ചർച്ച്' എന്നാക്കി മാറ്റി തീരുമാനം ചെയ്തിരിക്കുന്നു. സിറിയയിലെ സഭ എന്ന ധാരണ ഉണ്ടാക്കുന്ന കുഴപ്പം ഒഴിവാക്കുവാനാണ് സിറിയക് ഓർത്തഡോക്സ് ചർച്ച് എന്ന പേര് കൊണ്ടുവന്നിരിക്കുന്നത്. ഓർത്തഡോക്സ് സുറിയാനി സഭ എന്നതിന്റെ ശരിയായ ഇംഗ്ലീഷ്, സിറിയൻ ഒർത്തഡോക്സ് ചർച്ച് എന്നേ വരൂ എന്നാണ് റവ.ഫാ.ഡോ. വി.സി.ശമുവേലിന്റെ അഭിപ്രായം.

**റത്താൾ**– റത്താറ്വ്. റിത്രോതാബുളം (Retrotabulum) എന്ന ലത്തീൻവാക്കിൽനിന്ന് വന്നത്. മേശയ്ക്കു പിന്നിലുള്ളത് എന്നർത്ഥം. ബലിപീഠത്തിനു പിന്നിൽ ഭിത്തി തുരന്ന് തിരുശേഷിപ്പുകൾ സൂക്ഷിക്കുവാൻ ഉണ്ടാക്കിയ പഴുതാണ് ആദ്യ റാത്തൾ. പിന്നീട് തടി കല്ല് എന്നിവ കൊണ്ട് നിർമ്മിച്ച പെട്ടികളായി. രൂപങ്ങളോ പടങ്ങളോ വയ്ക്കാനുള്ള, ചട്ടങ്ങളോ അലമാരിയോ പോലെ പിന്നീട് രൂപാന്തരപ്പെട്ടു. ഈ വാക്കിന് റവ്വത്തൾ എന്ന രൂപഭേദവുമുണ്ട്. എന്നാൽ ഇറത്താഴ് വളരെ ഭേദപ്പെടുത്തിയ ദുഷിച്ച രൂപമാണ്.

**റീത്ത്**– ആരാധനക്രമം, കൂദാശാനുഷ്ഠാനം, തിരുവസ്ത്രങ്ങൾ, സഭാപഞ്ചാംഗം, സഭാഭരണം ഇവയിൽ ഉള്ള പ്രത്യേകതകൾ അടിസ്ഥാനമാക്കി റോമൻ കത്തോലിക്കാസഭയിൽ പല റീത്തുകൾ ഉണ്ട്. കേരളത്തിൽ ലത്തീൻ, സീറോ മലബാർ, സീറോ മലങ്കര എന്നീ റീത്തുകൾ ഉണ്ട്. പോർട്ടുഗീസ് ഭാഷയിൽ റീത്തോ. സംസ്കൃതത്തിലെ രീതി എന്ന് പറയാം.